Email: ddpalappuzha@gmail.com
Blog : ddpalappuzha.blogspot.com
Phone & Fax No: 0477-2251599

## ആലപ്പുഴ പഞ്ചായത്ത്ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

**വിഷയം:-** ജീവനക്കാര്യം – കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ്, പ്യൂൺ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസറുടെ 27/5/2011ലെ എആർ-1(2)2815/06-(1)നമ്പർ കത്ത്

## ഉത്തരവ് നമ്പർ-ഇ3-1552/2007 തീയതി: 15/6/2011

ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് 1958 ലെ കെ.എസ്സ്. ആന്റ് എസ്സ്.എസ്സ്. റൂൾസിലെ ജനറൽ റൂൾ 3 (സി)യ്ക്ക് വിധേയമായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ആഫീസർ മേൽ പരാമർശ പ്രകാരം ശുപാർശ ചെയ്തിട്ടുള്ള താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ 4510-6230.....രൂപ ശമ്പള സ്കെയിലിൽ പഞ്ചായത്ത് വകുപ്പിൽ 1958 ലെ കെ.എസ്സ്. ആന്റ് എസ്സ്.എസ്സ്.ആർ 9 (എ)(1)നും 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ബന്ധപ്പെട്ട വകുപ്പുകൾക്കും, ചട്ടങ്ങൾക്കും വിധേയമായി അവരവരുടെ പേരിന് നേരെ 7-ാംകോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഓഫീസുകളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടിയാളുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളും, അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന ശാരീരിക ക്ഷമതാ സാക്ഷ്യപത്രം, സമുദായം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ സമുദായ സാക്ഷ്യപത്രം, നോൺ ക്രിമിലെയർ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതും, ബന്ധപ്പെട്ട ഓഫീസ് മേധാവി ആയവ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്.

1994ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ചട്ടം 8 പ്രകാരം ജീവനക്കാരന്റെ പ്രൊബേഷൻ കാലയളവ് 3 വർഷത്തെ സർവ്വീസിൽ തുടർച്ചയായ 2 വർഷം ആയിരിക്കും. നിയമന ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ഉദ്യോഗാർത്ഥി നിയമനം ലഭിച്ചിട്ടുള്ള ആഫീസുകളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമനം റദ്ദു ചെയ്യുന്നതാണ്.

ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഫോറത്തിൽ സംസ്ഥാന സർക്കാർ സർവീസിലുള്ള ഗസറ്റഡ് ആഫീസർ / കേന്ദ്ര സർവീസിൽ ക്ലാസ്-2 വിഭാഗത്തിൽ കുറയാത്ത ആഫീസർ / പഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർമാൻ /

കോർപ്പറേഷൻ മേയർ /എം.എൽ.എ / എം.പി / എന്നിവരിൽ ആരെങ്കിലും രണ്ടുപേരിൽ നിന്നുള്ള സ്വഭാവ സാക്ഷ്യപത്രം ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടതും ആയത് ഈ ആഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്.

നിയമനം ലഭിച്ച ജീവനക്കാർ എസ്.എൽ.ഐ, പി.എഫ്, ജി..ഐ.എസ് എന്നീ പദ്ധതികളിൽ അംഗമാകേണ്ടതാണ്. എസ്.എൽ.ഐ-യിൽ അംഗമാകാത്ത ജീവനക്കാർക്ക് ആദ്യത്തെ ഇൻക്രിമെന്റും തുടർന്നുള്ള ഇൻക്രിമെന്റും അനുവദിക്കാൻ പാടില്ല.

| ക്രമ നമ്പർ | പേരും മേൽവിലാസവും | പിതാവിന്റെ/ രക്ഷകർത്താവിന്റെ പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമന രീതി | നിയമനം നൽകിയ ഓഫീസിന്റെ പേര് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മുംതാസ്.ഐ<br>കാട്ടുപുറംവെളി,<br>മുംതാസ് മൻസിൽ,<br>വണ്ടാനം.പി.ഒ,<br>ആലപ്പുഴ<br>688 005. | ഐഷാബീവി | 20/4/1976 | SSLC | Reserve Turn | ഹരിപ്പാട് ഗ്രാമ പഞ്ചായത്ത് |
| 2 | സാബു.എസ്,<br>മറ്റത്തിൽഹൗസ്,<br>നോർത്താര്യാട്.പി.ഒ<br>ആസ്പിൻവാളിന്<br>സമീപം,<br>ആലപ്പുഴ-688 542 | കെ.സദാനന്ദൻ | 3/5/1976 | SSLC | Reserve Turn | പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത് |
| 3 | ശ്രീജ.പി.നായർ,<br>ശ്രീനിലയം,<br>പള്ളിപ്പുറംപി.ഒ,<br>ചേർത്തല,<br>ആലപ്പുഴ-688 541 | പി.പങ്കജാക്ഷൻ നായർ | 17/5/1982 | SSLC | Reserve Turn | ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത് |
| 4 | ഷീബ.പി.ബി,<br>ധർമ്മഗിരി,<br>കരുമാടി.പി.ഒ,<br>അമ്പലപ്പുഴ,<br>ആലപ്പുഴ-688 564 | ബിജുമോൻ. എം | 29/10/1978 | SSLC | Reserve Turn | ചെറിയനാട് ഗ്രാമ പഞ്ചായത്ത് |
| 5 | ജയശ്രീ.കെ.കെ,<br>ആലവേലിൽഹൗസ്<br>എരമല്ലൂർ.പി.ഒ<br>688 537 | കുമാരമേനോൻ | 24/5/1975 | SSLC | OCTurn | വീയപുരം ഗ്രാമ പഞ്ചായത്ത് |

ജോലിയിൽ പ്രവേശിച്ചതിന് ശേഷം സേവനപുസ്തകത്തിൽ ജനന തീയതി തിരുത്തേണ്ടി വരുന്നുവെങ്കിൽ ആയത് ബഹു.സർക്കാരിന്റെ 30/12/1991ലെ ജി.ഒ(പി)45/91/പി& എആർഡി നമ്പർ ഉത്തരവിന് വിധേയമായിട്ടായിരിക്കും.

ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന വിവരം യഥാസമയം തന്നെ നിയമനാധികാരിയെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-

കെ.പി.സാബുക്കുട്ടൻനായർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ

പകർപ്പ് : ഉദ്യോഗാർത്ഥിയ്ക്ക് ( 5 ).,
സെക്രട്ടറി ..............................ഗ്രാമ പഞ്ചായത്ത്
(രജിസ്റ്റേർഡ് തപാലിൽ)
,, : പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും, അസിസ്റ്റന്റ് ഡയറക്ടറുടേയും മേശപ്പുറത്ത്,
,, : കരുതൽ, അധികം

//ആജ്ഞാനുസരണം //

സൂപ്രണ്ട്.

ഒ.എ/16.6